**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 640** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയമസഭാ മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ഏതൊക്കെ ഉന്നതികളിലാണ് വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകി ആയത് നടപ്പിലാക്കി വരുന്നത്; ഓരോ ഉന്നതികൾക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാറശ്ശാല നിയമസഭാ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മലഞ്ചൂറ്റ് നഗറിന്റെ (2021-22) നവീകരണത്തിനായി 9638034/- രൂപ അനുവദിക്കുകയും പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എ.കെ.ജി ഗ്രാമം (2021-22) നവീകരണത്തിന് 99,00,755/- രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 14 വീടുകളുടെ പുനരുദ്ധാരണം, ശ്മശാനത്തിന്റെ ചുറ്റുമതിൽ എന്നിവ പൂർത്തീകരിച്ചു. നടപ്പാത, ഹൈമാസ്റ്റ് ലൈറ്റ്, ഡ്രൈനേജ് വർക്ക് എന്നീ പ്രവർത്തികൾ പുരോഗമിക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ പൂർത്തിയായിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ നിലവിലെ ഭൗതിക, സാമ്പത്തിക പുരോഗതി എത്രത്തോളമാണെന്ന് ഉന്നതികൾ തിരിച്ച് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇനിയും ഭരണാനുമതി/സാങ്കേതികാനുമതി ലഭിക്കാനുള്ളതോ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനുള്ളതോ ആയ പ്രവൃത്തികൾ ഏതെല്ലാമാണ്; ഇവ വൈകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി/ സാങ്കേതികാനുമതി നൽകാനുള്ള പദ്ധതികൾ ഇല്ല.

**(ഡി)** പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമങ്ങളിലെ ബാക്കിയുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാമാക്കാമോ?

**<u>മറുപടി:</u>** പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് നിർവഹണ ഏജൻസിയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**